# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

10/04/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *332

## ഭക്ഷ്യവിളകളുടെ ഉൽപാദനക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യവിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വില സ്ഥിരത ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) നെൽകൃഷി മേഖലയിൽ, നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും ലക്ഷ്യമാക്കി സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം കരനെൽകൃഷി, വനിതകൾക്കുള്ള തരിശുനില കൃഷി, പൊതുഞാറ്റടി, വടക്കഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെൽകൃഷി വികസന പദ്ധതി, കാർഷിക യന്ത്രവൽക്കരണം എന്നിവയും സുസ്ഥിര നെൽകൃഷി പദ്ധതി പ്രകാരമുള്ള ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരമുള്ള ഒറ്റഞാർ കൃഷി, പുതിയ സാങ്കേതിക വിദ്യ ഡമോൺസ്ട്രേഷൻ, മിനികിറ്റ് വിതരണം, ഫാം ഫീൽഡ് സ്കൂളുകൾ, വിവിധ അതോറിറ്റികൾ വഴി പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു.<br><br>2011-2012 ലെ സാമ്പത്തിക സർവ്വേ പ്രകാരം കൃഷി വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി ഉല്പാദനം 5,68,993 ടണ്ണായും ഉല്പാദനക്ഷമത 2,733 (കി.ഗ്രാം / ഹെക്ടർ) ആയും വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>വിലസ്ഥിരത ഉറപ്പാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖാന്തിരം കി.ഗ്രാമിന് 17 രൂപ നിരക്കിൽ നെല്ല് സംഭരണം നടത്തി വരുന്നു. 2011-2012-ൽ ഇത്തരത്തിൽ 5,47,331 ടണ്ണും,2012-2013-ൽ വിരിപ്പ് സീസണിൽ 1,36,130 ടണ്ണും സംഭരിക്കുകയുണ്ടായി. |

പച്ചക്കറിയുല്പാദന മേഖലയിൽ വിദ്യാർത്ഥികളിലൂടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷിയ്ക്ക് സഹായം, വിദ്യാലയങ്ങളിലും, പ്രോജക്ടടിസ്ഥാന ത്തിലുമുള്ള പച്ചക്കറി കൃഷി പദ്ധതി, മീഡിയ വഴിയുള്ള വിത്ത് വിതരണം, അർബൻ - ജില്ലാ ക്ലസ്റ്റർ പച്ചക്കറി കൃഷി പ്രോത്സാഹനം, ക്ലസ്റ്ററുകൾക്ക് ഹരിത ഫണ്ട്, മുനിസിപ്പാലിറ്റികളിൽ മട്ടുപ്പാവ് കൃഷി, ഹൈടെക് കൃഷി പ്രോത്സാഹനം, കാർഷിക സർവ്വകലാ ശാല മുഖേന പദ്ധതി സഹായം, ആർ.കെ.വി.വൈ പദ്ധതി പ്രകാരം 1200 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി, വയനാട് പാക്കേജ് തുടങ്ങിയ നിരവധി പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

വിവിധ പദ്ധതികൾ വഴി 9,975 ഹെക്ടറിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കു വാനും 60,900 ടൺ പച്ചക്കറി അധികോല്പാദനം ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്.

**(ബി)** ഉൽപാദന മേഖല നേരിടുന്ന പ്രമുഖമായ പ്രശ്നങ്ങൾ എന്തൊ ക്കെയാണെന്ന് വിലയിരുത്തുക യുണ്ടായോ ; വിശദമാക്കാമോ ; ഇതിനുള്ള പ്രതിവിധികൾ എന്തെ ല്ലാമാണ് ?

**(ബി)** അനിയന്ത്രിതമായ നിലംനികത്തലും ജലസേചന സൗകര്യങ്ങളുടെ അഭാ വവും മൂലം കൃഷി യോഗ്യമായ ഭൂമി അനുദിനം കുറഞ്ഞു വരുന്നു, തൊഴിലാളികളുടെ ദൗർലഭ്യം, വേതന വർദ്ധനവ്, ഉല്പാദനോപാധികളുടെ വില വർദ്ധനവ്, ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തത് എന്നിവയാണ് ഉല്പാദന മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

1) അനിയന്ത്രിതമായ നിലംനികത്തലും ജലസേചന സൗകര്യങ്ങളുടെ അഭാ വവും മൂലം കൃഷി യോഗ്യമായ ഭൂമി അനുദിനം കുറഞ്ഞു വരുന്നു. 2008 ലെ കേരള നെൽവയൽ - തണ്ണീർ ത്തട സംരക്ഷണ ആക്ട് മുഖേന നിലംനികത്തൽ തടയാനുള്ള യത്ന ങ്ങൾ നടത്തി വരികയാണ്. അടി സ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും നടപ്പിലാക്കി വരു ന്നുണ്ട്.

2) തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് കാർഷിക കർമ്മ സേനകൾ കൂടുതൽ വ്യാപകമായി രൂപവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്തി വരികയാണ്.

3) വേതന വർദ്ധനവ്, മറ്റു പല കാരണങ്ങൾ മൂലമുള്ള വേതന വർദ്ധന് തടയാൻ കഴിയില്ലായെന്നതിനാൽ, പരമാവധി പദ്ധതി സഹായം കർഷകരിലെത്തിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കർഷകർക്കുള്ള ഇ-പെയ്മെന്റ് ഇതിന്റെയൊരു ഭാഗമാണ്.

4) ഉല്പാദനോപാധികളുടെ വില വർദ്ധനവ് പരിഹരിക്കുന്നതിന് പരമാവധി സഹായം കർഷകരിലെത്തിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

5) നെല്ലിന് ന്യായവില ലഭിക്കുന്ന തിന് സപ്ലൈകോ മുഖേന സംഭരിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. കി.ഗ്രാമിന് 17 രൂപ നിരക്കിൽ വില കർഷകന് ലഭിക്കുന്നുണ്ട്. പച്ചക്കറി ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് മുഖേന സംഭരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ